മൂലധനം 51.49 എന്ന അനുപാതമനുസരിച്ച് സംസ്ഥാന ഗവൺമെൻറിൻെറ വിഹിതമായി 75 ലക്ഷംരൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. ഇതിൽ 37.5 ലക്ഷം രൂപ 29-7-1985-ൽ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇതിൽ വ്യവസായം നടത്തുന്നതിനുള്ള ധനസഹായത്തെസംബന്ധിച്ചാണെങ്കിൽ യോഗ്യതയുള്ള അപേക്ഷകരില്ലാത്തതുകൊണ്ട് കൊടുത്തിട്ടില്ല. ഈ കോർപ്പറേഷൻ നടത്തുന്നത് വളരെ പരിചയസമ്പന്നനായ ഒരു ചെയർമാനാണ്. അദ്ദേഹം ഹരിജനാണ്. ആ കോർപ്പറേഷൻെറ വീഴ്ചകളെന്താണെന്ന് പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് ഈ പദ്ധതികളൊക്കെ നടത്തുന്നത്. ഭൂമി കൊടുക്കുന്നകാര്യത്തിൽ വരുന്ന ബുദ്ധിമുട്ട്, എന്താണെന്നു വച്ചാൽ മുമ്പ് ഉണ്ടായിരുന്ന ഒരു വ്യവസ്ഥ അപേക്ഷകരെ കൊടുക്കുന്നത് ഏതാണ്ട് അവരുടെ യോഗ്യത തിട്ടപ്പെടുത്തിയതിനു ശേഷമാണ്; ആ ഫോറം കിട്ടിക്കഴിഞ്ഞാൽ ഭൂമിക്ക് പണം കിട്ടുമെന്നായിരുന്നു ഉണ്ടായിരുന്നത്. കഴിഞ്ഞപ്രാവശ്യം ഉണ്ടായതെന്താണെന്നുവച്ചാൽ തിട്ടപ്പെടുത്താനായി ചോദിച്ചയാളുകൾക്കൊക്കെ അപേക്ഷാഫോറം കൊടുത്തു. ഫോറം കിട്ടിക്കഴിഞ്ഞാൽ പണം കിട്ടുമെന്നുള്ള മുൻകാലാനുഭവത്തിൻെറ അടിസ്ഥാനത്തിൽ ഫോറം കിട്ടിയയുടനെകൊണ്ടുപോയി കരാർചെയ്തു. അതിൻെറ ഫലമായി കൃഷിഭൂമി കരാർചെയ്തയാളുകൾക്ക് പണം നഷ്ടപ്പെടുന്ന ഒരു സ്ഥിതി വന്നു. ആ നടപടി തിരുത്തുവാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(7) പട്ടാമ്പി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ.

ശ്രീ. കെ.ടി. ഇസ്മയിൽ: സർ, എൻെറ നിയോജകമണ്ഡലത്തിൽ എം.എൽ.എ. റോഡ് എന്ന നിലയിൽ എഴുതിക്കൊടുത്ത റോഡുകളുടെ പ്രവർത്തനം ഏറെറടുക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ലയെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സമയം ഞാൻ വിനിയോഗിക്കുന്നത്. ബഹുമാനപ്പെട്ട മുഹമ്മദ് കോയ 1982-ൽ നിർദ്ദേശിച്ചതനുസരിച്ച് എഴുതിക്കൊടുത്തതാണ്. 1982-ൽ എഴുതിക്കൊടുത്ത രണ്ട് റോഡുകളും ഏറെറടുക്കാൻ പലവട്ടം മന്ത്രിയോടും അതിനുശേഷം വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിയോടും അധികാരികളോടുമൊക്കെ ആവശ്യപ്പെടുകയും ചെയ്തതാണ്. അതിന് സാങ്കേതികമായ തടസ്സമെന്താണെന്ന് ഇപ്പോഴും വ്യക്തമല്ല. നെല്ലായ-മാമുണ്ടിക്കടവ് തൃത്താല പാലവും ചെർപ്പുളശ്ശേരിയിൽനിന്നും പെരിന്തൽമണ്ണവരെയുള്ള 25 കിലോമീറർ യാത്രാസൗകര്യം കിട്ടുന്ന രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ്. 1957-ൽ ആദ്യത്തെ കേരളഗവൺമെൻറ് വന്നകാലഘട്ടംമുതൽ ബഡ്ജറ്റിൽ സ്ഥിരമായി പണം ഉൾക്കൊള്ളിക്കുന്ന റോഡാണ്. ഏറെറടുക്കുന്നതിന് യാതൊരുവിധ തടസ്സവുമില്ലാത്ത റോഡാണ്. ആ റോഡാണ് എഴുതിക്കൊടുത്തത്. അത് ഇതുവരെ ഏറെറടുക്കാൻകഴിഞ്ഞിട്ടില്ല. സാങ്കേതികമായ കാരണങ്ങൾ എന്താണെന്ന് മനസ്സിലായില്ല. അത് അടിയന്തിരമായി ഏറെറടുക്കണം. പട്ടാമ്പി പഞ്ചായത്തും മുതുതല പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ്. അതിന് പഞ്ചായത്ത് കൺസെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ലെറ്റർകൊടുത്തതാണ് തടസ്സം. അത് ഞങ്ങളെ അറിയിക്കുകയുണ്ടായി എന്നാൽ രണ്ടുമൂന്നു കൊല്ലങ്ങൾക്കുമുമ്പ്തന്നെ പഞ്ചായത്ത് കൺസെന്റ് ലെറ്റർ കൊടുക്കുകയും ഏറ്റെടുക്കാനാവശ്യമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നുവെന്ന് പാലക്കാട് ജില്ലാ പി.ഡബ്ലിയു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കുകയും ചെയ്തതാണ്. അങ്ങനെ മുഴുവൻ നടപടിക്രമങ്ങളും പൂർത്തിയാക്കിയ ഈ രണ്ട് റോഡുകളും ഏറ്റെടുക്കാൻ കാലതാമസം വരുത്തുന്നു. എത്രയോ വലിയ റോഡുകൾ ഏറ്റെടുത്ത കഥകൾ ഇവിടെ പറഞ്ഞു. പത്തോ ഇരുപതോ ഇരുപത്തഞ്ചോ ലക്ഷം ഉറ്റുപ്പികവീതം ചെലവുവരുന്ന ഇത്തരം റോഡുകൾ ഏറ്റെടുക്കാത്ത ഒരുകോടിരൂപയും ഒന്നരക്കോടിരൂപയും ചെലവുവരുന്ന റോഡുകൾ ഏറ്റെടുത്ത കഥകൾ ഇവിടെ പറയുകയുണ്ടായി. അതു കൊണ്ട് അപൂർവ്വം ഏറ്റെടുക്കാത്ത നിയോജകമണ്ഡലങ്ങളിലെ റോഡുകൾ അടിയന്തിരമായി ഏറ്റെടുക്കാനും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈ എടുത്ത് അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞകാര്യങ്ങളെല്ലാം ശരിയല്ല എന്നാണ് ആദ്യമായിട്ട്. ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ആദ്യം എഴുതിക്കൊടുത്ത റോഡ് ഓങ്ങല്ലൂർ—ഷൊർണ്ണൂർ റോഡാണ്. അത് 15—3—1984—ൽ പൊതുമരാമത്തുവകുപ്പിലേക്ക് ഏറ്റെടുക്കാൻ തീരുമാനിച്ചുകഴിഞ്ഞതാണ്. അതിനാവശ്യമായ എസ്റ്റിമേറ്റ് ഉണ്ടാക്കി. ആ സമയത്താണ്. ആ റോഡ് മാറ്റണം. നെല്ലായ—മാമുണ്ടിക്കടവ്—ചെറുകര റോഡ് ഏറ്റെടുക്കണമെന്ന് പറഞ്ഞ് അദ്ദേഹം ആവശ്യപ്പെട്ടത്. ആദ്യത്തെ റോഡ് മതിയെന്നുവിചാരിച്ചിരുന്നുവെങ്കിൽ ആ റോഡിന്റെ പണിമുഴുവനാകുമായിരുന്നു. രണ്ടാമത് പ്രപ്പോസ് ചെയ്ത റോഡ് അദ്ദേഹം പറഞ്ഞതുപോലെ മുഴുവനും ഗവൺമെന്റ് ഏറ്റെടുത്ത റോഡല്ല. നെല്ലായ് മാമുണ്ടിക്കടവ് വരെ മാത്രമേ ഏറ്റെടുത്തിട്ടുള്ളു. കടവിനപ്പുറമുള്ള ചെറുകര ഗവൺമെന്റ് ഏറ്റെടുത്തതല്ല. അത് ഏറ്റെടുക്കാനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുന്നു. പുഴവരെയുള്ള ബാക്കി റോഡുകളും ഏറ്റെടുത്തു നടത്തണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ റോഡ് ഏറ്റെടുത്തുകഴിഞ്ഞാൽ രണ്ടാമത് പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുകയെന്നുള്ളതാണ് അപ്രായോഗികമാണ്. ഗവൺമെന്റിന്റെ പൊതുവായ നയം എം.എൽ.എ. റോഡുകൾ ഏറ്റെടുക്കുക, വളരെ അത്യാവശ്യമുള്ള റോഡുകൾ ഏറ്റെടുക്കുകയെന്നുള്ളതിൽ കവിഞ്ഞ് യാതൊന്നും ഏറ്റെടുക്കുന്നില്ല എന്നതാണ്. 20,000 കിലോമീറ്റർ റോഡിന്റെ അറ്റകുറ്റപ്പണികൾക്കുപോലും പണമില്ലാത്ത ഈയവസരത്തിൽ, കൂടുതൽ റോഡുകൾ പഞ്ചായത്തുകളിൽനിന്ന് ഏറ്റെടുക്കണമെന്ന് ആഗ്രഹിക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ മെമ്പർ ആദ്യംതന്ന ലിസ്റ്റ് പ്രകാരമുള്ള റോഡ് ഏറ്റെടുത്തു. എസ്റ്റിമേറ്റ്സ് ഉണ്ടാക്കി. അതിന് ഭരണാനുമതി നൽകാൻ നേരത്താണ് അദ്ദേഹം മറ്റൊരു അപേക്ഷയുമായിവന്നത്. അതുപോലെതന്നെ അദ്ദേഹം പറഞ്ഞു, ഞങ്ങൾ വിവരം അറിയിച്ചിരുന്നുവെന്ന്. പട്ടാമ്പി വെറ്ററിനറി ഹോസ്പിറ്റൽ മുതുതലറോഡ് പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്തിന്റെ പ്രപ്പോസൽ വന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ യെത്തന്നെ രണ്ടുപ്രാവശ്യം അറിയിച്ചു; റോഡിന് സ്ഥലം കിട്ടുന്നില്ല എന്ന്. നമ്മുടെ പ്രതിപക്ഷ നേതാവ് ശ്രീ. നായനാർ തന്നെ അദ്ദേഹത്തിന്റെ റോഡ് ഏറെറടുത്തില്ല എന്ന് ആക്ഷേപം ഈ സഭയിൽ ഉന്നയിച്ചു. ഞാൻ അന്ന് മറുപടി പറഞ്ഞത് ആ റോഡ് ഏറെറടുത്ത് വിട്ടുതരാൻ പഞ്ചായത്തുകാർ തയ്യാറല്ല എന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ റോഡ് മാറിത്തന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ റോഡ് ഉൾപ്പെടെ ശ്രീ. ഇസ്മയിലിന്റെ റോഡ് ഒഴികെ പാലക്കാട് ജില്ലയിൽ ഉള്ള എല്ലാ റോഡുകളും ഏറെറടുത്തു കഴിഞ്ഞു. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ആദ്യം തന്ന റോഡ് ഏറെറടുക്കുകയാണെങ്കിൽ എസ്റ്റിമേറ് എന്റെ കൈയിലുണ്ട്. ഞാൻ ഉടനേ അനുമതി നൽകാം. അതുപോലെതന്നെ രണ്ടാമത് പറഞ്ഞ റോഡ് ആദ്യം തന്ന നീളത്തിലുള്ള റോഡ് ഇപ്പോഴതന്നെ വിട്ടുതരാൻ തയ്യാറാണെങ്കിൽ ഇപ്പോഴതന്നെ അനുമതി നൽകാം. അല്ലെങ്കിൽ അതിന്റെ സാങ്കേതികവും മറ്റുമായുള്ള പരിശോധനകൾ കഴിയാൻ അൽപ്പംകൂടി സാവകാശം വേണ്ടിവരും.

(8) അഴീക്കോട്, ശാന്തിപുരം ഗവൺമെൻറ് ആയുർ വേദാശുപത്രികളുടെ ശോചനീയാവസ്ഥ

ശ്രീ. വി.കെ. രാജൻ: കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ അഴീക്കോട് ഗവൺമെൻറ് ആയുർവ്വേദ ആശുപത്രി, ശാന്തിപുരം ഗവൺമെൻറ് ആശുപത്രി എന്നിവയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വർഷങ്ങൾക്കുമുമ്പ് പണി തീർത്ത ഒരു കെട്ടിടത്തിലാണ് അഴീക്കോട് ആശുപത്രി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഏത് സമയത്തും ഇടിഞ്ഞു പൊളിഞ്ഞു വീഴും എന്ന സ്ഥിതിയാണ്. ആ കെട്ടിടത്തിനുള്ളത്. മഴ പെയ്താൽ വെള്ളം പുറത്തു പോകുകയില്ല, മുഴുവൻ അകത്ത് വീഴുകയാണ്. അതിന്റെ ഫലമായി അവിടെ രോഗികൾക്ക് കിടക്കാൻ സാധിക്കുന്നില്ല. കട്ടിൽ എല്ലാം തുരുമ്പ് പിടിച്ചിരിക്കുന്നു. അവിടെ ആവശ്യത്തിന് മരുന്നില്ല, സ്റ്റാഫില്ല, ഇതാണ് അഴീക്കോട് ആശുപത്രിയുടെ സ്ഥിതി. അത് ആദ്യം വാടകക്കെട്ടിടത്തിലായിരുന്നു, പിന്നീട് ആ സ്ഥലം ഗവൺമെൻറിനെ ഏൽപ്പിച്ചതായി ഞാൻ മനസ്സിലാക്കുന്നു. അപ്പോൾ അടിയന്തിരമായി അവിടെ ഒരു കെട്ടിടം പണിയാനുള്ള നടപടികൾ സ്വീകരിക്കണം.

ശാന്തിപുരം ആശുപത്രിക്കുവേണ്ടി നാട്ടുകാർ നല്ലൊരു കെട്ടിടം പണിത് കൊടുത്തിട്ടുണ്ട്. അതിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. അത് റിപ്പയർ ചെയ്യുന്നില്ല. അവിടെ ധാരാളം രോഗികൾ വരുന്ന ഒരു സ്ഥലമാണ്. അവിടെ മരുന്നില്ല. രണ്ട് ആശുപത്രികളും കടലോരപ്രദേശത്തുള്ള ആശുപത്രികളാണ്. അവിടേയ്ക്ക് ആവശ്യമായ മരുന്ന്, സ്റ്റാഫ് എന്നിവ അടിയന്തിരമായി എത്തിച്ചു കൊടുക്കണം. ആവശ്യത്തിനുള്ള കെട്ടിടങ്ങൾ പണിയണം. അതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ രണ്ട് ആശുപത്രികൾക്കും 1985–86–ലേക്കുള്ള മരുന്ന് ഗവൺമെൻറ് സപ്ലൈ ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly